# യൂണിറ്റി
സപ്ലിമെന്റ്

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

മാർച്ച് 2024 | പേജ് 4 | വില 5.00 രൂപ

**UNITY** PARLIAMENT ELECTION SUPPLIMENT | March 2024 | Chief Editor: V.VENUGOPAL | Page 4 | Price Rs. 5.00


# കോർപ്പറേറ്റുകൾക്കുവേണ്ടി രാജ്യം മുടിക്കുന്ന ബിജെപി ഭരണത്തെ പുറത്താക്കുക

# ജനകീയ സമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

പതിനെട്ടാമത് ലോക്സഭാ തിരഞ്ഞെടുപ്പിന് രാജ്യം തയ്യാറെടുക്കുകയാണ്. പ്രചണ്ഡമായ പ്രചാരണഘോഷങ്ങളോടെ നരേന്ദ്രമോദി നേതൃത്വം നൽകുന്ന കേന്ദ്ര ബിജെപി സർക്കാരിന്റെ ഹിംസാത്മകവാഴ്ച ഒരു ദശകം പൂർത്തിയാക്കിയിരിക്കുന്നു. 'അച്ഛേദിൻ' മുതൽ 'അമൃതകാൽ'വരെയുള്ള കിനാവുകളിൽ ദരിദ്രജനകോടികളെ മയക്കിക്കിടത്താമെന്ന് അവർ വ്യാമോഹിക്കുന്നു. അന്യമതവെറി പടർത്തിയും ഇതരപാർട്ടികളിൽനിന്ന് എംഎൽഎമാരും എംപിമാരും ഉൾപ്പെടെയുള്ള നേതാക്കന്മാരെ കോഴകൊടുത്തും പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും, പാർട്ടികളെത്തന്നെ വിലയ്ക്കെടുത്തും ജനാധിപത്യസ്ഥാപനങ്ങളെ വരുതിയിലാക്കിയും മൂന്നാമൂഴത്തിനുവേണ്ടി എല്ലാ നീച മാർഗങ്ങളും പയറ്റുകയാണ് ബിജെപിയും സംഘപരിവാറും. ആഗോളപട്ടിണിസൂചികയിൽ 111–ാം സ്ഥാനത്തേയ്ക്ക് നിപതിച്ച്, ജനജീവിതം തകർത്തെറിയപ്പെട്ടെങ്കിലും ലോക സമ്പന്നരുടെ പട്ടികയിൽ ആദ്യസ്ഥാനങ്ങളിലെത്തുവോളം ക്രിമിനൽ കുത്തകകളുടെ സുവർണ്ണകാലമായിരുന്നു മോദി ഭരണകാലം എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) 19 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 151 മണ്ഡലങ്ങളിൽ മത്സരിക്കുന്നു. കേരളത്തിൽ 8 മണ്ഡലങ്ങളിൽ മത്സരിക്കും.**

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രയിൽ അഞ്ചും ഒഡിഷയിൽ 28ഉം സീറ്റിൽ മത്സരിക്കുന്നു.

## 'അഞ്ചാം സാമ്പത്തികശക്തി'യായ ഇൻഡ്യയിൽ വിശന്നു പിടയുന്ന ദരിദ്രകോടികൾ

**അ**ഞ്ചാം സാമ്പത്തിക ശക്തിയായി ഇൻഡ്യ മാറി എന്ന ബിജെപിയുടെ അവകാശവാദം പരിഹാസജനകമാണ്. രാജ്യം കൈവരിച്ചതെന്ന് അവകാശപ്പെടുന്ന അഭിവൃദ്ധിയുടെ ഒരംശംപോലും ജനങ്ങളുടെ ജീവിതത്തിൽ കാണാനില്ല.

**ജിഡിപിയിൽ ഇൻഡ്യയുടെ പിന്നിൽ ആറാം സ്ഥാനത്ത് നിൽക്കുന്ന ബ്രിട്ടന്റെ ആളോഹരി വരുമാനം**

**45,850 ഡോളറാണ്**

**അഞ്ചാമത്തെ സാമ്പത്തികശക്തിയായി വളർന്നുവെന്ന് ഊറ്റംകൊള്ളുന്ന ഇൻഡ്യയുടെ ആളോഹരി വാർഷിക വരുമാനം**

**2389 ഡോളർ മാത്രം!**

അതായത് ബ്രിട്ടന്റെ ഇരുപതിൽ ഒന്ന്!

ജിഡിപിയിൽ ഇൻഡ്യയുടെ പിന്നിൽ നിൽക്കുന്ന ബ്രസീലൊഴികെ ഏതാണ്ട് എല്ലാ രജ്യങ്ങളിലും ആളോഹരി വരുമാനം ഇൻഡ്യയേക്കാൾ വളരെ മുമ്പിലാണെന്ന് കാണാം.

മനുഷ്യോചിതമായ തൊഴിലും കൂലിയും ഇൻഡ്യയിൽ ഉറപ്പില്ല എന്നതിനാൽ തൊഴിൽ തേടി രാജ്യംവിടുന്ന യുവാക്കളുടെ എണ്ണം വർഷംപ്രതി വർദ്ധിക്കുകയാണ്. അഞ്ചാം സാമ്പത്തികശക്തിയായി എന്ന് മേനിനടിക്കുന്ന ഈ രാജ്യത്തേക്ക് തൊഴിൽ തേടി യൂറോപ്പിൽ നിന്നെന്നല്ല, ദരിദ്രരായ അയൽരാജ്യങ്ങളിൽ നിന്നുപോലും ആരും വരാത്തതെന്ത്?

നേരേമറിച്ച് ഇൻഡ്യയുടെ പൗരത്വം ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. അഞ്ചാം സ്ഥാനം ഒരു വിധത്തിലുമുള്ള സാമൂഹ്യഭദ്രതയോ സാമ്പത്തിക അഭിവൃദ്ധിയോ സൃഷ്ടിച്ചിട്ടില്ല.

**ജനങ്ങളുടെ ചോരയും വിയർപ്പും ഊറ്റിയെടുത്ത്, തടിച്ചുകൊഴുത്ത കോർപ്പറേറ്റ് നീരാളികളുടെ സമ്പത്താണ് അഞ്ചാം സ്ഥാനത്തിന്റെ അളവുകോൽ.**

● ജിഡിപി ആളോഹരി വിഹിതത്തിൽ (Per Capita Ranking) ഇൻഡ്യയുടെ സ്ഥാനം 129 മാത്രമാണ്. 2018 മുതൽ 2023 വരെ ജിഡിപി ആളോഹരി വിഹിതത്തിൽ ഇൻഡ്യ ബംഗ്ലാദേശിനെക്കാൾ പിന്നിലാണ്. (ഫോബ്സിന്റെ റിപ്പോർട്ട്, ഡിസംബർ 2023)

പ്രതിദിനം 345 രൂപയിൽ താഴെ മാത്രം വരുമാനമുള്ളവരുടെ എണ്ണം രാജ്യത്ത് **72 കോടി**

പ്രതിദിനം 345 രൂപയ്ക്കും 576 രൂപയ്ക്കും ഇടയിൽ വരുമാനമുള്ളവരുടെ എണ്ണം **29.4 കോടി**

(ഗോൾഡ്മാൻ ആന്റ് സാക്സ് ബാങ്ക് റിപ്പോർട്ട് – 2023)

● ദാരിദ്ര്യത്തിന്റെ സമഗ്ര അളവുകോലായ ആഗോള പട്ടണി സൂചികയിൽ(GHI) 2022ൽ 107–ാം സ്ഥാനത്തായിരുന്ന ഇൻഡ്യ 2023ൽ 111–ാം സ്ഥാനത്തേക്ക് നിപതിച്ചു.

● മനുഷ്യവികസനസൂചികയിൽ രാജ്യം 132–ാം സ്ഥാനത്താണ്.(2023)

**പോഷകാഹാരം ലഭിക്കാത്ത ലോകത്തെ 82 കോടി ജനങ്ങളിൽ 22 കോടിയും ഇൻഡ്യക്കാരാണ്.**

● ഭക്ഷണക്കുറവ് കാരണം എല്ലുംതോലുമാകുന്ന കുട്ടികളുടെ എണ്ണം രാജ്യത്ത് 19.3 ശതമാനമാണ്. അഞ്ച് വയസ്സിൽത്താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 2016ൽ 15.1 ശതമാനമായിരുന്നത്, 2023ൽ 19.3 ശതമാനമായി ഉയർന്നു.

● 2021 വർഷത്തിൽ മാത്രം ഇൻഡ്യയിൽ പുതിയതായി 4.15 കോടി മനുഷ്യർ പരമദരിദ്രരായി. (ഓക്സ്ഫാം റിപ്പോർട്ട്, ജനുവരി 24, 2022)

● ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ദ്രവരൂപത്തിലോ ഖരരൂപത്തിലോ പേരിനുപോലും ഭക്ഷണം ലഭിക്കാത്ത കുഞ്ഞുങ്ങളുടെ എണ്ണം(സീറോഫുഡ്) 67ലക്ഷമാണ്. (ദേശീയ കുടുംബാരോഗ്യസർവേ, കേന്ദ്ര ആരോഗ്യമന്ത്രാലയം, 2019–2021). അയൽരാജ്യങ്ങളായ ബംഗ്ലാദേശും പാകിസ്ഥാനും, എത്യോപ്യ, കോംഗോ തുടങ്ങിയ ആഫ്രിക്കൻരാജ്യങ്ങളും ഇൻഡ്യയെക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്.

## കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മോദി സർക്കാർ ജനങ്ങളിൽ നിന്ന് കവർന്നെടുത്തത് കണക്കറ്റ കോടികൾ

2013-2014 സാമ്പത്തിക വർഷം (യുപിഎ ഭരണം) പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് നികുതിയിനത്തിൽ കേന്ദ്ര സർക്കാരിന് ലഭിച്ചത് **51,073 കോടി രൂപ.** എന്നാൽ മോദി സർക്കാർ നികുതി വർദ്ധിപ്പിച്ചതിലൂടെ ഈ തുക 5 മടങ്ങായി. *(പട്ടിക കാണുക)*

**പെട്രോളിയം നികുതി വർദ്ധനവിലൂടെ മോദി സർക്കാർ കവർന്ന തുക*** (ലക്ഷം കോടി)

| | |
|---|---|
| 2014–2015 | 1.72 |
| 2015–2016 | 2.54 |
| 2016–2017 | 3.35 |
| 2017–2018 | 3.36 |
| 2018–2019 | 3.48 |
| 2019–2020 | 3.34 |
| 2020–2021 | 4.55 |
| 2021–2022 | 4.92 |
| 2022 –2023 | 4.28 |
| ആകെ | 31.54 |

*പെട്രോളിയം മന്ത്രാലയത്തിന്റെ കണക്ക്

### ഇന്ധന വിലവർദ്ധനവ്: മോദി സർക്കാരിന്റെ നീചമായ ആക്രമണം

ലോകവിപണിയിൽ ക്രൂഡ് ഓയിലിന്റെ വില മൂന്നിലൊന്നായി ഇടിഞ്ഞപ്പോഴും മോദി സർക്കാർ പെട്രോൾ, ഡീസൽ, പാചകവാതക വില കുത്തനെ വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. മോദി ഭരണം തുടങ്ങുമ്പോൾ ഒരു ലിറ്റർ പെട്രോളിന് 71രൂപയും പാചകവാതകസിലിണ്ടറിന് 410 രൂപയുമായിരുന്നത്, പത്തുവർഷത്തിനുശേഷം യഥാക്രമം 107 രൂപയും 1000രൂപയുമായി വർദ്ധിച്ചു.

2014ൽ പെട്രോളിന്റെ എക്സൈസ് തീരുവ 9.48 രൂപയും ഡീസലിന്റേത് 3.56 രൂപയും ആയിരുന്നു. മോദി സർക്കാർ ഇത് പടിപടിയായി വർദ്ധിപ്പിച്ച് യഥാക്രമം 32.9 രൂപയും 31.8 രൂപയുമാക്കി.

### ജിഎസ്ടി–ലോകത്തിലെ ഏറ്റവും ഉയർന്ന നികുതിനിരക്ക്

സേവനങ്ങളെയും നികുതി പരിധിയിലേക്ക് കൊണ്ടുവന്നുകൊണ്ട് 2017 മുതൽ നടപ്പാക്കിയ ജിഎസ്ടി അക്ഷരാർത്ഥത്തിൽ കുത്തിക്കവർച്ചയായി മാറി. നട്ടുവൊടിക്കുന്ന വിലക്കയറ്റവും ചെറുകിട വ്യാപാര മേഖലയുടെ തകർച്ചയും സൃഷ്ടിച്ചു ജിഎസ്ടി. 2013–14 സാമ്പത്തികവർഷം പരോക്ഷ നികുതിയിനത്തിൽ കേന്ദ്രസർക്കാരിനു ലഭിച്ചത് 4.95 ലക്ഷം കോടിയായിരുന്നെങ്കിൽ, 2023–24ൽ അത് 14.97 ലക്ഷം കോടിയായി ഉയർന്നു.

ലോകത്തിലെതന്നെ ഏറ്റവുമുയർന്ന നിരക്കിലുള്ള ജിഎസ്ടി അടിച്ചേൽപ്പിക്കപ്പെട്ടതിലൂടെ ജനങ്ങളുടെമേലുള്ള നികുതിഭാരം മൂന്ന് മടങ്ങായി വർദ്ധിച്ചു. ജനങ്ങളിൽനിന്ന് പിഴിഞ്ഞെടുക്കുന്ന ഭീമമായ ഈ തുക രാജ്യപുരോഗതിയുടെ അളവുകോലായാണ് ബിജെപി അവതരിപ്പിക്കുന്നത്!

**ജിഎസ്ടി എന്ന നികുതി കൊള്ളയിലൂടെ കേന്ദ്ര സർക്കാരിന് ലഭിച്ചത്*** (ലക്ഷം കോടി)

| | |
|---|---|
| 2017–2018 | 7.41 |
| 2018–2019 | 11.77 |
| 2019–2020 | 12.22 |
| 2020–2021 | 11.36 |
| 2021–2022 | 14.76 |
| 2022–2023 | 13.4 |
| 2023–2024 | 14.97 |
| ആകെ | 85.89 |

*ധനമന്ത്രാലയത്തിന്റെ കണക്ക്

**കഴിഞ്ഞ 9 വർഷത്തിനുള്ളിൽ മോദി സർക്കാർ ജനങ്ങളിൽ നിന്ന് ഇന്ധന നികുതിയായി കവർന്നത് 31.54 ലക്ഷം കോടി രൂപ!**

**ചരക്ക് സേവന നികുതിയിലൂടെ മോദി സർക്കാർ ജനങ്ങളിൽനിന്ന് പിരിച്ചെടുത്തത് 85.89 ലക്ഷം കോടി രൂപ!**

# ചങ്ങാത്തമുതലാളിത്തത്തിന്റെ തണലിൽ കൊഴുക്കുന്ന മോദി സർക്കാരിന്റെ അഴിമതി

**ഇന്ത്യയിലെ 100 സഹസ്ര കോടീശ്വരന്മാരുടെ സഞ്ചിത സമ്പത്ത് 957 ബില്യൺ അമേരിക്കൻ ഡോളറാണ്. അതിന്റെതന്നെ അഞ്ചിലൊന്ന് വിഹിതവും ഗൗതം അദാനി ചെയർമാനായുള്ള ഭീമൻ കോർപ്പറേറ്റ് ഗ്രൂപ്പിന്റെ കൈകളിലാണ്.**

**രാഷ്ട്രത്തിന്റെ ആസ്തികളും പൊതുമേഖലാസ്ഥാപനങ്ങളും വിഭവങ്ങളും സ്വകാര്യകുത്തകകൾക്ക് തീറെഴുതുന്നു.**

● ഇലക്ടറൽ ബോണ്ടിലൂടെ ബിജെപി കൈപ്പറ്റിയ കോടിക്കണക്കിനു രൂപ, വഴിവിട്ടസഹായത്തിനുള്ള കോഴപ്പണമാണ്. ഏറ്റവും വലിയ തുകകളുടെ ബോണ്ട് ബിജെപിക്കു നൽകിയ കമ്പനികളിൽ ഫ്യൂച്ചർ ഗെയിമിംഗ്, മേഘ എൻജിനീയറിംഗ്, വേദാന്ത എന്നിവ ബോണ്ട് നൽകുന്നതിനുമുമ്പ് ഇ.ഡി, സിബിഐ ഏജൻസികളുടെ റെയ്ഡ് നേരിട്ടിരുന്നതായി മാധ്യമങ്ങൾ കണ്ടെത്തി. വലിയ തുകകൾക്കുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതിനായി സർക്കാർ ഏജൻസികളെ അയച്ച് റെയ്ഡ് ചെയ്തതായി സന്ദേഹിക്കാം.

**ധാർമ്മികതയുടെ ചാരിത്ര്യപ്രസംഗം നടത്തുന്ന ബിജെപിയുടെ തനിനിറം ഇലക്ടറൽ ബോണ്ടിന്റെ ഇടപാടുകൾ തുറന്നുകാട്ടുന്നു.**

● ആസ്ത്രേലിയയിലെ ക്വീൻസ്‌ലാന്റിലുള്ള കർമിഖായേൽ കൽക്കരി ഖനി നരേന്ദ്രമോദിയുടെ ആദ്യത്തെ സന്ദർശനത്തിൽത്തന്നെ അദാനിക്ക് കരാറെഴുതി. കൂടെയുണ്ടായിരുന്ന എസ്ബിഐ മേധാവി അനുവദിച്ച ഒരു ബില്യൺ ഡോളറിന്റെ വായ്പയുടെ മൂലധനബലത്തിൽ അദാനിക്ക് ഖനി സ്വന്തമായി.

● 2017ൽ വിമാനത്താവളങ്ങളുടെ നടത്തിപ്പ് മുതലാളിമാരെ ഏൽപ്പിക്കാനായി അപേക്ഷ ക്ഷണിച്ചപ്പോൾ, ഈ രംഗത്ത് മുൻപരിചയമില്ലാത്തവർ അപേക്ഷിക്കേണ്ടതില്ല എന്ന വ്യവസ്ഥ, അപേക്ഷാ തീയതി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് അദാനിക്ക് വേണ്ടിമാത്രം റദ്ദുചെയ്തു. ഒറ്റ രാത്രി ഇരുണ്ട് വെളുത്തപ്പോൾ എട്ട് വിമാനത്താവളങ്ങളിൽ, ഏഴും ഓപ്പറേറ്റുചെയ്യുന്ന മുതലാളിയായി അദാനി മാറി.

● കോർപ്പറേറ്റുകൾക്കുവേണ്ടി തൊഴിൽ നിയമങ്ങളും തൊഴിലവകാശങ്ങളും റദ്ദാക്കി.

● ബാങ്കുകൾ കഴിഞ്ഞ 9 സാമ്പത്തിക വർഷത്തിനുള്ളിൽ എഴുതിത്തള്ളിയ വായ്പ ആകെ 14.56 ലക്ഷം കോടി രൂപയുടേതാണ്. ഈ തുകയിൽ 7,40,968 കോടി രൂപ വ്യവസായികളുടേതാണ്. (2023 ആഗസ്റ്റ് 8ന് കേന്ദ്ര ധനകാര്യ സഹമന്ത്രി പാർലമെന്റിൽ നൽകിയ മറുപടി)

● സെപ്റ്റംബർ 2019ൽ, വൻകിടമുതലാളിമാരുടെ കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്നും 22 ശതമാനമാക്കി വെട്ടിക്കുറച്ചു. പുതിയ വ്യവസായശാലകൾക്കുള്ള കോർപ്പറേറ്റ് നികുതി 25 ശതമാനത്തിൽ നിന്നും 15 ശതമാനമാക്കി വെട്ടിക്കുറച്ചു.

● മോദി അധികാരത്തിലെത്തി എട്ടു വർഷംകൊണ്ട് അദാനി ഗ്രൂപ്പിന്റെ ആസ്തി അരലക്ഷംകോടി രൂപയിൽനിന്ന് പതിനൊന്നര ലക്ഷം കോടിയായിവർദ്ധിച്ചു. അതായത് 23 ഇരട്ടി വർദ്ധന. അദാനി കമ്പനികളുടെ ഓഹരിമൂല്യം വർദ്ധിച്ചതിന്റെ പിന്നിൽ നടന്ന നിയമവിരുദ്ധ ഇടപാടുകളും കൃത്രിമങ്ങളും അമേരിക്കൻ കമ്പനിയായ ഹിൻഡൻബർഗ് 2023 ജനവരി 24ന് പ്രസിദ്ധീകരിച്ച റിപ്പോർട്ട് പുറത്തുകൊണ്ടുവന്നു.

● 2016 സെപ്തംബറിൽ ലോഞ്ച് ചെയ്ത ജിയോക്കുവേണ്ടി ഇന്റർ കണക്റ്റിവിറ്റി ചാർജ്ജ് അമ്പതുശതമാനം വെട്ടിക്കുറച്ചു. മതിയായ ഇന്റർകണക്റ്റിവിറ്റി നൽകിയില്ല എന്നതിന്റെ പേരിൽ എയർടെൽ, വോഡാഫോൺ കമ്പനികളുടെമേൽ ജിയോയുടെ സമ്മർദ്ദത്തെത്തുടർന്ന് ക്രമവിരുദ്ധമായി പിഴ അടിച്ചേൽപ്പിച്ചു. മോദിയുടെ ചിത്രം ഉപയോഗിച്ചുകൊണ്ടുള്ള പരസ്യത്തോടെയാണ് ജിയോയുടെ ലോഞ്ചിംഗ് പ്രഖ്യാപിക്കപ്പെട്ടത്.

**മോദി ഭരണകാലത്ത് ആദ്യ 6 വർഷം വൻമുതലാളിമാർക്ക് ഖജനാവിൽ നിന്നും നൽകിയ ഇളവുകൾ 5.75 ലക്ഷം കോടി രൂപയുടേതായിരുന്നു.**

ജനാധിപത്യ ഭരണകൂടമൊന്നാകെ മുതലാളിമാരുടെ ചൊൽപ്പടിയിലാകുന്നതു വഴി നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതിയാണ് ഉദാരവൽക്കരണകാലത്തിന്റെ മുഖമുദ്ര. വ്യവസായികളിൽനിന്ന് കൈപ്പറ്റുന്ന അതിഭീമമായ അഴിമതിപ്പണം ഉപയോഗപ്പെടുത്തി ബിജെപി ഇതിനോടകം എം എൽഎമാരും എംപിമാരും ഇതര രാഷ്ട്രീയകക്ഷി നേതാക്കളും ഉൾപ്പെടെ നാനൂറോളം പേരെ കാലിച്ചന്തയിലെന്നപോലെ വിലപറഞ്ഞ് സ്വന്തം പാളയത്തിലെത്തിച്ചു.

## രാഷ്ട്രീയ സദാചാരരാഹിത്യത്തിന്റെ ഏറ്റവും അഴുകിയ മുഖമായി ബിജെപി മാറി.

ഇൻഡ്യൻ കാർഷിക രംഗത്ത് കോർപ്പറേറ്റുകൾക്ക് പിടിമുറുക്കാൻ മോദി സർക്കാർ വഴിയൊരുക്കി. രാസവളത്തിന്റെ വില രണ്ട് മടങ്ങ് വർദ്ധിപ്പിച്ചു. ഡീസലിന്റെ വിലവർദ്ധനവും മറ്റ് കൃഷിച്ചെലവുകളും കർഷകർക്ക് താങ്ങാനാകാത്തതായി. കൃഷിച്ചെലവിന്റെ രണ്ടു മടങ്ങും അമ്പതുശതമാനവും ചേർത്ത് താങ്ങുവില നിശ്ചയിച്ചുനൽകുമെന്ന വാഗ്ദാനം ജലരേഖയായി.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ

**ഒരു ലക്ഷം കർഷകർ ജീവനൊടുക്കി**

നിർദ്ദയമായ ചൂഷണത്തിന്നിരയായി ജീവച്ഛവങ്ങളായി മാറിയ കർഷകന് പ്രധാനമന്ത്രി നൽകുന്ന കിസാൻ സമ്മാൻ പ്രതിദിനം 16 രൂപയാണ്! അതിന്റെ പ്രചാരണത്തിന് ചെലവഴിക്കുന്നതാകട്ടെ അതിന്റെ മൂന്നു മടങ്ങും.

## 'നാരീശക്തി'യുടെ യാഥാർത്ഥ സ്ഥിതിയെന്ത്?

രാജ്യത്ത് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം

| | |
|---|---|
| 2011 | 2,28,650 |
| 2021 | 4,28,278 |

**87 ശതമാനം വർദ്ധനവ്**

2022ൽ വീണ്ടും നാല് ശതമാനം വർദ്ധിച്ച് 4,45,256 കേസ്സുകളായി. ഇതിൽ ഏറ്റവുമധികം കുറ്റകൃത്യങ്ങൾ നടന്നത് യു.പി.യിലാണ്. ഉന്നാവയും കത്വയും ഹത്രാസ്സും തകർന്ന് വീഴുന്ന സ്ത്രീസുരക്ഷയുടെ വേദനയുണർത്തുന്ന പ്രതീകങ്ങളായി.

● 17 ഗുസ്തിതാരങ്ങൾ ഉന്നയിച്ച ലൈംഗികപീഡന പരാതിയിലെ പ്രതിയായ ബിജെപി എംപിയെ സംരക്ഷിച്ചു. ഇതിനെതിരെ സമരംചെയ്ത, രാജ്യത്തിന്റെ അഭിമാനമുയർത്തിയ ദേശീയഗുസ്തി താരങ്ങളെ അപമാനിച്ചു.

● 2016നും 2020നുമിടയിൽ ഗുജറാത്തിൽ നിന്നും 41,621 സ്ത്രീകളെ കാണാതായി (എൻസിആർബി 2021)

● 1.2 ലക്ഷം അമ്മമാർ പ്രസവത്തിന്നിടയിൽ മരിക്കുന്നു. ലോകത്തെ മാതൃമരണനിരക്കിൽ നാലിലൊന്നും നമ്മുടെ രാജ്യത്താണ്. 15 വയസ്സിനും 43 വയസ്സിനും മധ്യേ പ്രായമുള്ള രാജ്യത്തെ സ്ത്രീകളിൽ 53 ശതമനവും രക്തക്കുറവും വിളർച്ചയും നേരിടുന്നു.

●ഓരോമണിക്കൂറിലും സ്ത്രീകൾക്കുമേലുള്ള കുറ്റകൃത്യങ്ങളുടെ 51 എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. 2021നെ അപേക്ഷിച്ച് 2022ൽ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളിൽ നാലുശതമാനം വർദ്ധനവും കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങളിൽ 8.7ശതമാനം വർദ്ധനവും വയോധികർക്കുനേരെയുള്ള അതിക്രമങ്ങളിൽ 9.3 ശതമാനം വർദ്ധനവും ദളിത്-പിന്നാക്ക ജനവിഭാഗങ്ങൾക്കുനേരെയുള്ള അതിക്രമങ്ങളിൽ പതിനാല് ശതമാനം വർദ്ധനവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (എൻസിആർബി)

● അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ, വിശേഷിച്ചും പെൺകുട്ടികളുടെ മരണനിരക്ക് വർദ്ധിക്കുന്നു.(നാഷണൽ ഫാമിലി ഹെൽത്ത് സർവേ) മരണത്തിന്റെ പ്രധാന കാരണം, പോഷകാഹാരക്കുറവാണ്. ഇത് ഈ പ്രായത്തിലുള്ള ആൺകുട്ടികളുടെ മരണനിരക്കിനെക്കാൾ എട്ടുശതമാനം കൂടുതലാണ്.

## തൊഴിലില്ലായ്മ രൂക്ഷമാക്കിയ മോദി വാഴ്ച

2017ലെ എൻഎസ്എസ്ഒ(നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ) യുടെ കണക്ക് പ്രകാരം രാജ്യം നേരിടുന്നത് കഴിഞ്ഞ 45 വർഷത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ്. തൊഴിൽതേടി രാജ്യത്തിനകത്തും പുറത്തും അലയുകയാണ് ചെറുപ്പക്കാർ.

60,000ഒഴിവുകളിലേയ്ക്ക് ഉത്തരപ്രദേശിൽ നടന്ന പോലീസ് കോൺസ്റ്റബിൾ പരീക്ഷയിൽ 50 ലക്ഷം ഉദ്യോഗാർത്ഥികൾ അപേക്ഷ നൽകി! മരണം താണ്ഡവമാടുന്ന റഷ്യ-യുക്രൈൻ യുദ്ധമുന്നണിയിലേക്കുപോലും ജോലി തേടി പോകാൻ യുവാക്കൾ നിർബന്ധിതരാകുന്നത് തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥമൂലമാണ്.

● 2020ൽ മാത്രം തൊഴിലില്ലായ്മ നിമിത്തം 3548 പേർ ആത്മഹത്യചെയ്തു. 2018-20 വർഷത്തിൽ തൊഴിലില്ലായ്മ നിമിത്തം 9140 പേർ ജീവനൊടുക്കി. (കേന്ദ്ര ആഭ്യന്തര സഹമന്ത്രി 2020 ഫെബ്രുവരി 20ന് രാജ്യസഭയിൽ നൽകിയ മറുപടി)

**25 വയസ്സിൽ താഴെയുള്ള 43% ബിരുദധാരികളും തൊഴിൽരഹിതരാണെന്ന് അസിംപ്രേംജി യൂണിവേഴ്സിറ്റിയുടെ പഠനം വ്യക്തമാക്കുന്നു.**

**സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കോണമിയുടെ ഏറ്റവും പുതിയ പഠനപ്രകാരം 7.95 ശതമാനമാണ് ഇൻഡ്യയിലെ തൊഴിലില്ലായ്മ നിരക്ക്.**

● 37% പേർ, അതായത് 45 കോടി ആളുകൾ തൊഴിൽ തേടി രാജ്യം മുഴുവൻ അലയുന്ന കുടിയേറ്റത്തൊഴിലാളികളാണ്.

● ഇൻഡ്യയിലേക്ക് ഇനി മടങ്ങിവരേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ട് തൊഴിൽതേടി പുറംനാടുകളിലേക്ക് പലായനം ചെയ്യുന്ന യുവജനങ്ങളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നു.

● കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 78 വകുപ്പുകളിലായി കേന്ദ്ര സർക്കാർ സർവ്വീസിൽ 9.79 ലക്ഷം ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ 2022ൽ, 14.6 ലക്ഷം തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല.

● ഇന്ത്യയിൽ 32.06 ശതമാനത്തിന് ഒരു തൊഴിലുമില്ല. 20-24 പ്രായപരിധിയിലെ തൊഴിലില്ലായ്മ 44.49 ശതമാനവും 25-29 പ്രായപരിധിയയിൽ 14.33 ശതമാനവുമാണ്. (എൻസിആർബി)

## മോദിയുടെ റെയിൽവേ വികസനം സാധാരണക്കാരായ യാത്രക്കാർക്ക് ഒടുങ്ങാത്ത ദുരിതങ്ങൾ സമ്മാനിക്കുന്നു

അമൃത റെയിൽവേസ്റ്റേഷനുകളുടെയും വന്ദേഭാരത് ട്രെയിനുകളുടെയും പേരിൽ നടത്തുന്ന റെയിൽവേ വികസനം അതിസമ്പന്നർക്കുവേണ്ടി മാത്രമുള്ളതാണ്.

● റെയിൽവേ സ്റ്റേഷനുകളും ട്രെയിനുകളും സ്വകാര്യമുതലാളിമാർക്ക് ക്രമേണ കൈമാറുന്നു. ● റെയിൽവേയുടെ സുരക്ഷ അപകടകരമായ നിലയിലായി. ഒഡിഷയിൽ ട്രെയിനുകൾ കൂട്ടിയിടിച്ച് അഞ്ഞൂറിലധികം യാത്രക്കാർ കൊല്ലപ്പെട്ടതുൾപ്പെടെ, കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇരുന്നൂറിലധികം അപകടങ്ങളുണ്ടായി.● സാധാരണക്കാർക്ക് പ്രവേശനമുള്ള പുതിയ സർവ്വീസുകൾ ഒന്നും ആരംഭിച്ചില്ല. കോവിഡാനന്തരം പാസഞ്ചർ ട്രെയിനുകളെ എക്സ്പ്രസ് ട്രെയിനുകളാക്കി. ജനറൽ കോച്ചുകളുടെയും സ്ലീപ്പർ കോച്ചുകളുടെയും എണ്ണം വെട്ടിക്കുറച്ചു. എസി കോച്ചുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ● റിസർവേഷന്റെ ജനറൽ ക്വാട്ടാ വെട്ടിക്കുറച്ച്, ഭീമമായ നിരക്കുള്ള തത്കാൽ ക്വാട്ടായും പ്രീമിയം തത്ക്കാൽ ക്വാട്ടായും നടപ്പിൽ വരുത്തി.● സീനിയർ സിറ്റിസൺ കൺസഷൻ പൂർണ്ണമായും റദ്ദാക്കി. കാൻസലേഷൻ ചാർജ്ജ് കുത്തിക്കവർച്ചയായി മാറി.

**ദേശീയ വിദ്യാഭ്യാസ നയം 2020 ശാസ്ത്ര വികാസത്തെയും ശാസ്ത്രീയ മനോഭാവത്തെയും തടയുന്നു**

കോർപ്പറേറ്റുകൾക്കും കുത്തകകൾക്കുംവേണ്ടി, വിദ്യാഭ്യാസത്തെ നൈപുണി വികസനമാക്കി അധഃപതിപ്പിച്ചുകൊണ്ട്, യഥാർത്ഥജ്ഞാനം ആർജ്ജിക്കാനിടവരാത്തവിധം ചിന്താപ്രക്രിയയെത്തന്നെ തകർക്കുകയാണ് ദേശീയ വിദ്യാഭ്യാസ നയം 2020ലൂടെ മോദി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

# കേന്ദ്രസർക്കാരിന്റെ മുതലാളിത്ത നയങ്ങൾ നടപ്പാക്കി സംസ്ഥാന ഇടതുമുന്നണിഭരണം കാട്ടുന്നത് മാപ്പർഹിക്കാത്ത ജനവഞ്ചന

**മോ**ദി സർക്കാരിന്റെ കോർപ്പറേറ്റ് നയങ്ങളും ഉദാരവൽക്കരണ നടപടികളും അണുവിട വ്യത്യാസമില്ലാതെ നടപ്പാക്കുകയാണ് സംസ്ഥാനത്തെ ഇടതുമുന്നണി ഭരണം. സ്വകാര്യമൂലധന നിക്ഷേപത്തെ കുടിയിരുത്തുന്നതിനായി എന്തിനും തയ്യാറാണ് പിണറായി വാഴ്ച. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' അതിലൊന്നുമാത്രം. യൂസഫലി ആണ് ബ്രാൻഡ് അംബാസിഡർ. അദാനി തന്നെയാണ് ഉറ്റചങ്ങാതി.

കരാർ നിയമനം നടപ്പാക്കാൻ സ്വിഫ്റ്റ് എന്നൊരു പുതിയ കമ്പനി കെഎസ്ആർടിസിക്കുള്ളിൽ സൃഷ്ടിച്ചു. രാജ്യത്ത് മറ്റൊരു സംസ്ഥാനവും നടപ്പാക്കാൻ മുതിരാത്ത തൊഴിലാളി വിരുദ്ധമായ ഈ നീചമാതൃക നടപ്പാക്കാൻ സംസ്ഥാനത്തെ സിപിഐ(എം) സർക്കാരിന് ഒരു മനസ്സാക്ഷിക്കുത്തുമുണ്ടായില്ല. അവകാശബോധവും ആത്മവീര്യവും ഇല്ലാതെ, മുതലാളിമാരുടെ ഇംഗിതങ്ങൾക്ക് വഴങ്ങി പണിയെടുക്കാൻ തൊഴിലാളികളെ പഠിപ്പിക്കുകയാണ് 'തൊഴിലാളി' സർക്കാർ. ശമ്പളവും പെൻഷനും നിഷേധിച്ച്, കെഎസ്ആർടിസി തൊഴിലാളികളെ പരീക്ഷണകരുക്കളാക്കി മാറ്റി. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ തയ്യാറാകാതെയും അർഹതപ്പെട്ട ക്ഷാമബത്തയും ശമ്പളക്കുടിശ്ശികയും നൽകാതെയും സംസ്ഥാന സർക്കാർ ജീവനക്കാരോടും അധ്യാപകരോടും സ്വീകരിക്കുന്ന സമീപനം ഈ സർക്കാർ ഇടതല്ല എന്ന് സ്ഥിരീകരിക്കുകയാണ്.

വായ്പാധിഷ്ഠിത വികസനമെന്ന ആഗോളമുതലാളിമാരുടെ കെണിയിലേക്ക് ഇടത് സർക്കാർ കേരളത്തിലെ ജനങ്ങളെ എറിഞ്ഞുകൊടുത്തു. വികസനത്തിനെന്നപേരിലെടുത്ത വായ്പകളുടെ ബാധ്യതകൾ കുമിഞ്ഞുകൂടിയിട്ട് സർക്കാർ ജീവനക്കാർക്കുപോലും ശമ്പളം നൽകാനാകാത്ത സ്ഥിതിയിലെത്തി കേരളം. നികുതികളും ചാർജ്ജുകളും കുത്തനെകൂട്ടി. ക്ഷേമ പെൻഷനുകളും ഉച്ചക്കഞ്ഞിയും എന്നേമുടങ്ങി. ക്ഷേമപെൻഷൻ നിഷേധിക്കപ്പെട്ടതിന്റെ പേരിൽ ആത്മഹത്യകൾ പോലും ഉണ്ടാകുന്നു. വിലക്കയറ്റം ഇത്രമേൽ ശ്വാസംമുട്ടിക്കുന്ന ഒരവസ്ഥയിലും ന്യായവിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല. സപ്ലൈകോയിൽ പരിമിതമായ ഉൽപ്പന്നങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ, അതിനാകട്ടെ വില വർദ്ധിപ്പിക്കുകയും ചെയ്തു.

രാജാവിനെ വെല്ലുന്ന രാജഭക്തിയോടെ കേന്ദ്രനയങ്ങൾ നടപ്പിലാക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം 2020, വൈദ്യുതിമേഖലയുടെയും ആരോഗ്യമേഖലയുടെയും സ്വകാര്യവത്ക്കരണം എന്നിവ അവയിൽ ചിലതുമാത്രം. അഴിമതി സർവസീമകളും ലംഘിച്ചുമുന്നേറുന്നു. തോട്ടപ്പള്ളിയിൽ എല്ലാ നിയമങ്ങളും ലംഘിച്ച് നടക്കുന്ന കരിമണൽ ഖനനം, ശശിധരൻ കർത്തായെന്ന വ്യവസായിക്കുവേണ്ടിയാണെന്ന് സംശയരഹിതമായി സ്ഥാപിച്ചുകഴിഞ്ഞു. മുഖ്യമന്ത്രിതന്നെ പ്രതിക്കൂട്ടിലായിരിക്കുന്നു.

എതിരഭിപ്രായങ്ങളോട് പരമപുച്ഛവും ഈറയും പ്രതികാരമനോഭാവവുമാണ് പിണറായി സർക്കാരിന്റെ മുഖമുദ്ര. ക്യാമ്പസ്സുകളിൽ എസ്എഫ്ഐ കാട്ടുന്ന ക്രിമിനൽ മനോഘടന, തങ്ങളെ നയിക്കുന്ന മുതിർന്ന നേതാക്കളിൽനിന്ന് പകർത്തുന്നതാണ്. ആർഎസ്എസ് സംഘത്തിന്റെ ജനാധിപത്യ വിരുദ്ധതക്കും ഫാസിസ്റ്റ് നിലപാടുകൾക്കുമെതിരായ പോരാട്ടത്തിന് അളക്കാനാവാത്ത ആഘാതമാണ് ഈ സമീപനം ഏൽപ്പിക്കുന്നതെന്ന് വൈകിയവേളയിൽപ്പോലും അവർ മനസ്സിലാക്കുന്നില്ല എന്നത് ജനാധിപത്യവിശ്വാസികളെ ആശങ്കപ്പെടുത്തുന്നു.

മുതലാളിമാരുടെ വിശ്വസ്ത കാര്യസ്ഥന്മാരെന്ന നിലയിൽ കോൺഗ്രസ്സ് തുടങ്ങിവച്ച നയങ്ങളുടെ തീവ്രരൂപമാണ് ബിജെപി നടപ്പാക്കുന്നത്. അതിനാൽ രാജ്യമനുഭവിക്കുന്ന ദുരിതങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കോൺഗ്രസ്സിനും അവർ നയിക്കുന്ന യുഡിഎഫിനും ആവില്ല. അധികാരത്തിലെത്തിയാൽ ഇപ്പോഴത്തെ തീവ്രനയങ്ങളുടെ അടുത്തഘട്ടമായിരിക്കും ഇക്കൂട്ടരും നടപ്പാക്കുക.

## പ്രതിപക്ഷ ചേരി നയിക്കുന്ന 'ഇൻഡ്യ' മുന്നണിയോ ഘടകകക്ഷികളോ സത്യസന്ധമായ, വീറുറ്റ ജനകീയ സമരരാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്നില്ല

**ബി**ജെപിക്കെതിരായ ചേരിയെന്ന നിലയിൽ ഒരു തിരഞ്ഞെടുപ്പ് മുന്നണി 'ഇൻഡ്യ' എന്ന പേരിൽ ഭാഗികമായി നിലവിൽ വന്നിട്ടുണ്ട്. പാർലമെന്ററി രാഷ്ട്രീയത്തിന്റെ കണക്കുകൂട്ടലല്ലാതെ മറ്റൊന്നും ഇക്കൂട്ടരെ നയിക്കുന്നില്ല. ബിജെപിയെ പരാജയപ്പെടുത്താൻ അവരുടെ ആശയങ്ങൾക്കും നയങ്ങൾക്കുമെതിരായ തത്വാധിഷ്ഠിതമായ, വിട്ടുവീഴ്ചയില്ലാത്ത നിലപാടും അതിന്റെയടിസ്ഥാനത്തിലുള്ള ജനകീയ പ്രക്ഷോഭവുമാണ് വേണ്ടത്. അത്തരമൊരു പരിഗണനയേ പ്രതിപക്ഷസംഘത്തിനില്ല. കഴിഞ്ഞ പത്ത് വർഷത്തിന്നിടയിൽ, മോദി സർക്കാരിന്റെ ഏതെങ്കിലും രാജ്യദ്രോഹ നയത്തിനെതിരെ ഒരുമിച്ചുള്ള ഒരു പോരാട്ടത്തിന് ഇക്കൂട്ടർ മുതിർന്നതേയില്ല. കുറഞ്ഞപക്ഷം ഇടതുപക്ഷപ്രസ്ഥാനങ്ങളെന്ന പേരുവഹിക്കുന്നവരിൽ നിന്നെങ്കിലും അത്തരമൊരു നിലപാട് പ്രതീക്ഷിച്ചു. അതുണ്ടായില്ല എന്നത് അതീവ ഖേദകരമാണ്. ബിജെപി അവതരിപ്പിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തെ പിൻപറ്റുന്ന ആപൽക്കരമായ സമീപനം പോലും ഇൻഡ്യ മുന്നണിയുടെ ഘടകകക്ഷികളിൽനിന്ന് ഇക്കഴിഞ്ഞ സംസ്ഥാന തിരഞ്ഞെടുപ്പുകളിൽ നാം കണ്ടു.

മാത്രവുമല്ല, പ്രതിപക്ഷനിരയിലെ കക്ഷികൾ ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രസർക്കാരിന്റെ നയങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ നടപ്പാക്കുന്നു എന്നത്, മോദിസർക്കാരിനെതിരായ പ്രക്ഷോഭത്തിന് അളവറ്റ ഹാനി വരുത്തുകയും ചെയ്യുന്നു. കേന്ദ്ര ബിജെപി സർക്കാരിന്റെ അത്യാപൽക്കരമായ നയങ്ങളെ പരാജയപ്പെടുത്തിയേ പിൻമാറൂ എന്ന് ദൃഢനിശ്ചയം ചെയ്ത ഒരു പ്രക്ഷോഭം പടിപടിയായി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, രാജ്യത്തിന്റെ രാഷ്ട്രീയമണ്ഡലത്തിൽ ഉന്നതമായ ജനാധിപത്യരാഷ്ട്രീയത്തിന്റെ ഉദയമുണ്ടാകുമായിരുന്നു. അത്തരമൊരു പ്രക്ഷോഭം സൃഷ്ടിക്കുന്ന ജനാധിപത്യഅന്തരീക്ഷത്തിൽ ഫാസിസ്റ്റ് മനോഘടന പടർത്താനോ, സഹോദരഹത്യയുടെയും അന്യമതവെറിയുടെയും ഹീനരാഷ്ട്രീയം അവലംബിക്കാനോ ബിജെപിക്ക് ആകുമായിരുന്നില്ല. മറുവശത്ത് ജനങ്ങളുടെ ഐക്യവും സാഹോദര്യവും കൂടുതൽ ശക്തിപ്പെടുമായിരുന്നു. മതവിശ്വാസത്തിന്റെ പേരിൽ ആളിക്കത്തിക്കപ്പെടുന്ന ക്ഷണിക വികാരത്തേക്കാൾ, മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളുടെ പരിഹാരമാണ് പരമപ്രധാനമെന്ന വിദ്യാഭ്യാസം ജനാധിപത്യ-രാഷ്ട്രീയപോരാട്ടങ്ങളിലൂടെ മാത്രമേ സൃഷ്ടിക്കപ്പെടൂ.

## ജനാധിപത്യ പ്രക്ഷോഭത്തെ ശക്തിപ്പെടുത്താനായി എസ്‌യുസിഐ(സി) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

**മോ**ദിസർക്കാരിന്റെ ഫാസിസ്റ്റ് നയങ്ങൾക്കെതിരെ പ്രക്ഷോഭത്തിന് സന്നദ്ധമാകുന്ന ഏതൊരു ശക്തിയുമായി ഐക്യപ്പെട്ടു പ്രവർത്തിക്കുക എന്ന ഇടതു സമീപനമാണ് പാർട്ടി മുറുകെപ്പിടിക്കുന്നത്. 2016ൽ മോദിസർക്കാരിന്റെ നയങ്ങൾക്കെതിരെ പ്രവർത്തിക്കാൻ ആറ് ഇടതുപാർട്ടികളുടെ യോജിപ്പ് ഉണ്ടായപ്പോൾ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സർവ്വാത്മനാ അതിന്റെ ഭാഗമായത് ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രക്ഷോഭത്തിന്റെ നിലപാട് കൈവെടിഞ്ഞുള്ള തെരഞ്ഞെടുപ്പ് സംഖ്യങ്ങൾ ശരിയായ ദിശയിലുള്ള ഒരു പരിവർത്തനവും കൊണ്ടുവരില്ല എന്നതാണ് പാർട്ടിയുടെ നിലപാട്.

ഇൻഡ്യൻ രാഷ്ട്രീയമണ്ഡലത്തിലെ പ്രതിപ്രവാഹമായി, മഹിമയാർന്ന ഇടതുരാഷ്ട്രീയത്തിന്റെ പതാകയേന്തി, വിട്ടുവീഴ്ചയില്ലാത്ത ജനാധിപത്യ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെ മുറുകെപ്പിടിക്കുന്ന പ്രസ്ഥാനമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). നയങ്ങൾക്കെതിരായ എതിർപ്പ് ഏതാനും സമരപരിപാടികളിൽ അവസാനിപ്പിക്കുകയല്ല, താഴേത്തലം മുതൽ നയങ്ങൾക്കിരയാകുന്ന ജനങ്ങളെ അവരുടെ സമരസംഘടനകളിൽ കോർത്തിണക്കി, നീണ്ടുനിൽക്കുന്ന ഒരു പോരാട്ടത്തിന് തയ്യാറെടുപ്പിക്കാനായി വിശ്രമരഹിതമായി പ്രയത്നിക്കുകയാണ് ഈ പ്രസ്ഥാനം. ഐതിഹാസികമായ കർഷക പ്രക്ഷോഭത്തിലുൾപ്പടെ രാജ്യമെമ്പാടും ഈ ദിശയിൽ പ്രവർത്തിക്കുകയാണ് പാർട്ടി. നമ്മുടെ സംസ്ഥാനത്ത് ചെങ്ങറയിൽ, വിളപ്പിൽശാലയിൽ, വിഴിഞ്ഞത്ത്, തൃക്കുന്നപ്പുഴ യിൽ, മൂലമ്പിള്ളിയിൽ, തോട്ടപ്പള്ളിയിൽ തുടങ്ങി ഏറ്റവുമൊടുവിൽ കെ റെയിൽ വിരുദ്ധ പ്രക്ഷോഭത്തിലുൾപ്പടെ പാർട്ടി വഹിച്ചിട്ടുള്ള നിർണ്ണായകമായ പങ്ക് ജനാധിപത്യവിശ്വാസികൾ അടയാളപ്പെടുത്തിയിട്ടുള്ളതാണ്. സങ്കുചിതമായ താൽപ്പര്യങ്ങളോ പേരിനും പെരുമയ്ക്കും വേണ്ടിയുള്ള സ്വാർത്ഥനിഷ്ഠമായ കണക്കുകൂട്ടലുകളോ ഒന്നും പാർട്ടിയെ നയിക്കുന്നില്ല. അഭിപ്രായ ഭിന്നതകൾക്കിടയിലും യോജിപ്പിന്റെ തലം കണ്ടെത്തുകയും അതിനെ ക്ഷമാപൂർവ്വം വളർത്തിയെടുക്കുകയും ചെയ്യുന്ന ഉന്നതമായ ജനാധിപത്യ സമീപനമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സമരസംഘാടനത്തിൽ പാലിക്കുന്നത്. മുതലാളിത്ത നയങ്ങൾക്കെതിരായ രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പാഠശാലകളാക്കി ജനകീയസമരങ്ങളെ മാറ്റിയെടുക്കണം. ഒപ്പം ഉന്നതമായ ജനാധിപത്യ സംസ്കാരത്തിന്റെ അനുശീലനവും അവിടെ നടക്കണം. ഉദാത്തമായ ഇടതുപക്ഷ രാഷ്ട്രീയം ഇതാണ്. ഉത്തുംഗമമായ ഈ സമരരാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഭാരതം ജനാധിപത്യത്തിന്റെ മാതാവാണത്രേ!

മോദിഭരണത്തിൻ കീഴിൽ പാർലമെന്റുൾപ്പെടെയുള്ള ജനാധിപത്യ സ്ഥാപനങ്ങളെ തരംതാഴ്ത്തി. ഭരണഘടനാ സ്ഥാപനങ്ങളെ വരുതിയിലാക്കുകയോ നിഷ്ക്രിയമാക്കുകയോ ചെയ്തു. അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും വിലക്കപ്പെട്ടു.

● കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അംഗങ്ങൾ പാർലമെന്റിൽ പ്രധാനമന്ത്രിയോട് ചട്ടപ്രകാരം ഉയർത്തിയ ഒരു ചോദ്യത്തിനുപോലും നരേന്ദ്രമോദി മറുപടി പറഞ്ഞിട്ടില്ല. പ്രതിപക്ഷ നിരയിലെ അംഗങ്ങളെ കൂട്ടത്തോടെ സഭയിൽ നിന്ന് സസ്പെന്റ് ചെയ്ത്, നിർണ്ണായകമായ നിയമങ്ങൾ ചുട്ടെടുത്തു. ● ഒരു പ്രത്യേക മതത്തിന്റെ മാത്രം വക്താവായിക്കൊണ്ട്, അഞ്ഞൂറുവർഷം പഴക്കമുള്ള ബാബറിമസ്ജിദ് പൊളിച്ച് തൽസ്ഥാനത്ത് പണിത രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ നടത്തിയ പ്രധാനമന്ത്രി രാജ്യത്തിന്റെ ജനാധിപത്യ-മതേതര ഘടനയ്ക്കുമേൽ മാരകമായ പ്രഹരമേൽപ്പിച്ചു. ● മതത്തെ പൗരത്വത്തിന്റെ മാനദണ്ഡമാക്കി മാറ്റിക്കൊണ്ട് സിഎഎ നടപ്പാക്കി. ● പൗരാവകാശ ലംഘനങ്ങളും ജനാധിപത്യധ്വംസനങ്ങളും വ്യാപകമായി. ● മാധ്യമ സ്വാതന്ത്ര്യത്തിൽ ലോകത്ത് 150-ാം സ്ഥാനത്തും. (റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ്) ● കഴിഞ്ഞ 7 വർഷത്തിനുള്ളിൽ യുഎപിഎ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം 10,552 ആണെങ്കിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം 253 പേർ മാത്രം. അതായത് 2.38 ശതമാനം മാത്രം (എൻസിആർബി 2022). മതിയായ തെളിവുകളില്ലാതെ നിരപരാധികൾ യുഎപിഎ പ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്നു. ● 'ഇൻഡ്യ-ദി മോദി ക്വസ്റ്റിൻ' എന്ന ഡോക്യുമെന്ററി പ്രക്ഷേപണം ചെയ്തതിന്റെ പേരിൽ, ബിബിസിയുടെ ദില്ലിയിലെയും മുംബൈയിലെയും ഓഫീസുകൾ റെയ്ഡു ചെയ്തു. 2020ൽ മാത്രം രാജ്യത്ത് അറസ്റ്റ് ചെയ്യപ്പെട്ട മാധ്യമപ്രവർത്തകരുടെ എണ്ണം 67 ആണ്. ഇരുന്നൂറിലധികം മാധ്യമപ്രവർത്തകർ ശാരീരികമായി ആക്രമിക്കപ്പെട്ടു. ● ന്യൂനപക്ഷവിഭാഗങ്ങളും ദളിത് ജനവിഭാഗവും നിരന്തരമായ വേട്ടയ്ക്ക് ഇരയായി. ഗോരക്ഷയുടെ പേരിലുണ്ടായ കൊലപാതകങ്ങളിൽ 97 ശതമാനവും മോദി ഭരണത്തിൻ കീഴിലാണ്. വിദ്വേഷപ്രസംഗങ്ങൾ വഴി അന്യമതവെറി പടർത്തുന്നവർ സൈ്വരവിഹാരം നടത്തുമ്പോൾ, ജനാധിപത്യ-മതേതര മൂല്യങ്ങൾക്കായി ശബ്ദമുയർത്തിയ നൂറുകണക്കിന് പൗരന്മാരെ കരിനിയമങ്ങളിൽ കുടുക്കി തുറങ്കിലടച്ചു.

**ജനങ്ങളുടെ സമരൈക്യം തകർക്കാൻ മോദിസർക്കാരും സംഘപരിവാർ ശക്തികളും രാമക്ഷേത്രനിർമ്മാണവും ഗ്യാൻവാപി പള്ളി പോലുള്ള വിഷയങ്ങളുമുയർത്തി വർഗ്ഗീയ ധ്രുവീകരണത്തിനാണ് ശ്രമിക്കുന്നത്.**

## മോദി ഭരണത്തിൽ ജനാധിപത്യ-മതേതര ഇന്ത്യ അസ്തമിക്കുന്നു.

REGISTERED.
R.N. 24773/1992
UNITY PARLIAMENT ELECTION SUPPLIMENT
2024 March
Price: Rs. 5.00

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

## തിരുവനന്തപുരം എസ്.മിനി



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാകമ്മിറ്റിയംഗം സഖാവ് എസ്. മിനിയാണ് തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥി. അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ സംസ്ഥാന ട്രഷററും ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ സംസ്ഥാന കൺവീനറും മെഡിക്കൽ സർവീസ് സെന്ററിന്റെ ദേശീയ നിർവാഹക സമിതിയംഗവും സ്വകാര്യമേഖലയിലെ നഴ്സുമാരുടെ രക്ഷിതാക്കളുടെ സംഘടനയായ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷന്റെ(ഐഎൻപിഎ) സംസ്ഥാന കൺവീനറുമാണ് മിനി. ഐതിഹാസികമായ വിളപ്പിൽശാലസമരം, നീതിക്കുവേണ്ടി ജിഷ്ണു പ്രണോയിയുടെ അമ്മ നടത്തിയ സമരം, കെ റെയിൽ വിരുദ്ധ സമരം, കുഞ്ഞിനെ വീണ്ടെടുക്കാൻ അനുപമ നടത്തിയ സമരം, മദ്യത്തിനും മയക്കുമരുന്നിനുമെതിരായ സമരം തുടങ്ങി എണ്ണമറ്റ സമരങ്ങളുടെ നേതൃത്വവും സജീവസാന്നിദ്ധ്യവുമാണ് സഖാവ് മിനി.

## കൊല്ലം ട്വിങ്കിൾ പ്രഭാകരൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ കമ്മിറ്റിയംഗമായ സഖാവ് ട്വിങ്കിൾ പ്രഭാകരൻ ആണ് കൊല്ലം പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥി. രണ്ടര പതിറ്റാണ്ടിലേറെക്കാലമായി പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകയാണ്. കശുവണ്ടി തൊഴിലാളികളുടെ അവകാശ സമരങ്ങളോടൊപ്പം മുൻനിരയിൽ സഖാവ് ട്വിങ്കിൾ നിലകൊള്ളുന്നു. ആശഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജില്ലാ കൺവീനർ, അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ജില്ലാ കൺവീനർ എന്നീ ഉത്തരവാദിത്തങ്ങൾക്കൊപ്പം, സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയും ജില്ലയിൽ ശക്തമായ പോരാട്ടത്തിന് നേതൃത്വം നൽകിവരുന്നു. ഉയർന്ന സാംസ്കാരികമൂല്യങ്ങൾ സമൂഹത്തിൽ സ്ഥാപിച്ചെടുക്കാൻ പുരോഗമന സാംസ്കാരിക പ്രസ്ഥാനമായ ബാനർ സാംസ്കാരിക സമിതി നടത്തുന്ന പ്രവർത്തനങ്ങൾക്കും സഖാവ് ട്വിങ്കിൾ നേതൃത്വം നൽകുന്നു.

## മാവേലിക്കര കെ.ബിമൽജി

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗവും ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷ(എഐഡിവൈഒ)ന്റെ സംസ്ഥാന വൈസ് പ്രസിഡന്റുമായ സഖാവ് കെ.ബിമൽജിയാണ് മാവേലിക്കര മണ്ഡലത്തിലെ സ്ഥാനാർത്ഥി. എഐഡിഎസ്ഒയിലൂടെയാണ് രാഷ്ട്രീയരംഗത്തേയ്ക്ക് കടന്നുവന്നത്. നിരവധി വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് ബിമൽജി നേതൃത്വം നൽകി.



ഡിപിഇപി വിരുദ്ധസമരം, പാരലൽ വിദ്യാർത്ഥികളുടെ അവകാശ സമരം തുടങ്ങിയവ ഇതിൽ ചിലതുമാത്രമാണ്. തൊഴിലില്ലായ്മയ്ക്കും സാംസ്കാരിക തകർച്ചയ്ക്കുമെതിരെ യുവജനങ്ങൾക്കിടയിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തിവരുന്ന സഖാവ് ബിമൽജി, സിൽവർ ലൈൻ വിരുദ്ധ സമരം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരായ സമരങ്ങൾ എന്നിവയിലെല്ലാം നേതൃത്വപരമായ പങ്കുവഹിക്കുന്നു. ജനങ്ങളോടുള്ള കൂറും ജനകീയ പ്രശ്നങ്ങളോടുള്ള ആത്മാർത്ഥതയും ഇതിനകം തെളിയിച്ചിട്ടുള്ള സമർപ്പിതനായ പൊതുപ്രവർത്തകനാണ് സഖാവ് കെ. ബിമൽജി.

## ആലപ്പുഴ ആർ.അർജുനൻ

കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ (കെഎംഎസ്റ്റിയു) ജില്ലാ പ്രസിഡന്റ് സഖാവ് ആർ.അർജുനനാണ് ആലപ്പുഴ പാർലമെന്റ് മണ്ഡലത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥി. പാർട്ടി ലോക്കൽ കമ്മിറ്റി അംഗവും കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി ജനറൽ കൺവീനറും കേന്ദ്ര ട്രേഡ് യൂണിയനായ എഐയുറ്റിയുസിയുടെ സംസ്ഥാനകമ്മിറ്റിയംഗവുമാണ് സഖാവ് അർജുനൻ.



മോശമായ തൊഴിൽ-കൂലി സാഹചര്യത്തിനെതിരെ പീലിംഗ് തൊഴിലാളികളെ സംഘടിപ്പിച്ച് ഉജ്ജ്വലമായ നിരവധി സമരങ്ങൾക്ക് സഖാവ് അർജുനൻ നേതൃത്വം നൽകി. ഈ സമരങ്ങളിലൂടെ കൂലി വർദ്ധനവ്, ഇ.എസ്.ഐ ആനുകൂല്യം ഉൾപ്പെടെയുള്ള അവകാശങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞു. തീരത്തെ കരിമണൽ ഖനനത്തിനെതിരെയുള്ള പ്രക്ഷോഭത്തിന്റെ അമരക്കാരിൽ ഒരാളാണ് അദ്ദേഹം. ജനങ്ങളോടുള്ള നിസ്വാർത്ഥമായ കൂറും ആത്മാർത്ഥതയും സത്യസന്ധതയും കൈമുതലാക്കിയ തൊഴിലാളി നേതാവാണ് സഖാവ് അർജുനൻ.

## കോട്ടയം വി.പി.കൊച്ചുമോൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാകമ്മിറ്റിയംഗവും കേന്ദ്ര ട്രേഡ് യൂണിയനായ എഐയുറ്റിയുസിയുടെ ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോനാണ് കോട്ടയം മണ്ഡലത്തിലെ സ്ഥാനാർത്ഥി. സാധാരണ ജനങ്ങളുടെ, വിശിഷ്യാ, തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങളുടെ മുൻനിരയിൽ സദാ നിലകൊള്ളുന്ന സഖാവ് കൊച്ചുമോൻ, കേന്ദ്രട്രേഡ് യൂണിയനുകളുടെ ഐക്യവേദിയായ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ ജില്ലാ കൺവീനറും കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയ(KCWU)ന്റെ സംസ്ഥാന സെക്രട്ടറിയും കേരള തയ്യൽ തൊഴിലാളി സെന്ററിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയും പ്ലാന്റേഷൻ വർക്കേഴ്സ് സെന്ററിന്റെ ജനറൽ സെക്രട്ടറിയുമാണ്. ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ട കൂട്ടിക്കൽ പ്രദേശത്തെ സാധാരണ ജനങ്ങളുടെ പ്രക്ഷോഭം വളർത്തിയെടുക്കുന്നതിലും സഖാവ് വി.പി. കൊച്ചുമോൻ നിർണായകമായ പങ്കുവഹിച്ചു.

## എറണാകുളം എ.ബ്രഹ്മകുമാർ

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കളമശ്ശേരി ലോക്കൽ കമ്മിറ്റി അംഗവും ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുടിയുസി) ജില്ലാകമ്മിറ്റി അംഗവുമായ സഖാവ് എ.ബ്രഹ്മകുമാറാണ് എറണാകുളം മണ്ഡലത്തിലെ സ്ഥാനാർത്ഥി. ലോകബാങ്ക് പദ്ധതിയായ ഡിപിഇപിക്കെതിരായ സമരത്തിലൂടെ വിദ്യാർത്ഥി പ്രസ്ഥാനമായ എഐഡിഎസ്ഒയുടെ സംഘാടകനായി. ചെങ്ങറ ഭൂസമര ഐക്യദാർഢ്യ സമിതിയുടെയും, മഹാനായ അയ്യങ്കാളി നയിച്ച കർഷക പ്രക്ഷോഭത്തിന്റെ ശതാബ്ദി ആചരണകമ്മിറ്റിയുടെയും സംഘാടകനായ സഖാവ് ബ്രഹ്മകുമാർ, വികസനത്തിന്റെ മറവിൽ നടക്കുന്ന കുടിയൊഴിപ്പിക്കലുകൾക്കെതിരെ ജില്ലയുടെ വിവിധമേഖലകളിൽ നടക്കുന്ന സമരങ്ങളിലെയും വിഴിഞ്ഞം തുറമുഖത്തിനെതിരെ മത്സ്യത്തൊഴിലാളികൾ നടത്തിയ പ്രക്ഷോഭത്തെ പിന്തുണച്ചുകൊണ്ട് ജില്ലയിൽ നടന്ന ഐക്യദാർഢ്യ പ്രവർത്തനങ്ങളിലെയും സജീവസാന്നിദ്ധ്യമാണ്.



## ചാലക്കുടി ഡോ.എം.പ്രദീപൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തൃശ്ശൂർ ജില്ലാ കമ്മിറ്റിയംഗമായ ഡോ.എം.പ്രദീപനാണ് ചാലക്കുടി മണ്ഡലത്തിലെ സ്ഥാനാർത്ഥി. വിദ്യാഭ്യാസ വിധ്വംസക പദ്ധതിയായ ഡിപിഇപിയ്ക്കെതിരായ സമരം, കരിമണൽ ഖനനവിരുദ്ധ സമരം തുടങ്ങി നിരവധി സമരമുഖങ്ങളിലെ സമർപ്പിതനായ പോരാളിയായ ഡോ.പ്രദീപൻ, അഖിലേന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി തൃശ്ശൂർ ജില്ലാ സെക്രട്ടറിയാണ്. കലാവിദ്യാർത്ഥികളുടെ സമരത്തിന്റെ കൺവീനറുമായിരുന്നു. തൃശ്ശൂർ സ്‌കൂൾ ഓഫ് ഡ്രാമയിൽനിന്ന് ബിരുദാനന്തരബിരുദവും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് തിയേറ്റർ ആർട്സിൽ എംഫിലും പൂർത്തിയാക്കി. കേരളത്തിലെ ജനകീയ നാടകവേദിയെ സംബന്ധിച്ച ഗവേഷണത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. നിരവധി നാടകങ്ങളുടെ രചയിതാവും സംവിധായകനുമായ ഡോ.എം. പ്രദീപൻ, നാടക- സാഹിത്യപഠന ലേഖനങ്ങളുടെയും കൃതികളുടെയും രചയിതാവും അധ്യാപകനുമാണ്.

## കോഴിക്കോട് ഡോ. എം.ജ്യോതിരാജ്



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാകമ്മിറ്റിയംഗമായ ഡോ. എം.ജ്യോതിരാജാണ് കോഴിക്കോട് മണ്ഡലത്തിലെ സ്ഥാനാർത്ഥി. അഖിലേന്ത്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റിയുടെ സംസ്ഥാന വൈസ്പ്രസിഡന്റും ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റി അംഗവും ശാസ്ത്ര പ്രചാരകനുമാണ്. ആദ്യകാല ഇടതുപക്ഷ നേതാക്കളിലൊരാളും കക്കോടി പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന ചെക്കായി മാസ്റ്ററുടെ മകനായ ജ്യോതിരാജ്, എഐഡിഎസ്ഒയിലൂടെയാണ് രാഷ്ട്രീയരംഗത്തേയ്ക്കുകടന്നുവന്നത്. വിവർത്തനപഠനത്തിൽ എംഫിലും പിഎച്ച്ഡിയും കരസ്ഥമാക്കിയ ഡോ.ജ്യോതിരാജ് ഒട്ടേറെ പുസ്തകങ്ങളുടെ വിവർത്തകനാണ്. നാദാപുരം, പട്ടാമ്പി ഗവ.കോളേജുകളിൽ പ്രിൻസിപ്പലായും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.